ളാണ്. മുസ്ലീം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി പോരാടുകയും അവരുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുകയുംചെയ്ത ആളാണ് അദ്ദേഹം. രാജവാഴ്ചയുടേയും ദിവാൻ ഭരണത്തിന്റേയും അഴിമതികളെ തുറന്നുകാണിച്ചുകൊണ്ട് ശക്തമായ കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചിരുന്ന 'സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകനും ഒരു സാമൂഹ്യ പരിഷ്ക്കർത്താവുമായ വക്കം മൗലവിയുടെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി വക്കം മൗലവി ഫൗണ്ടേഷൻ എന്ന ഒരു സംഘടന രൂപീകൃതമായിട്ടുണ്ട്. അവർക്ക് ഗവേഷണ പഠനങ്ങളും ലൈബ്രറിയും നടത്തുന്നതിനുവേണ്ടി സർക്കാരിനോട് സ്ഥലം ആവശ്യപ്പെട്ടു. ഗവൺമെന്റ് അവർക്ക് സ്ഥലം നൽകാൻ നിർദ്ദേശം നൽകിയിരുന്നു വെങ്കിലും യൂണിവേഴ്സിറ്റിയുടെ കയ്യിൽ സർക്കാർ അധീനതയിലുള്ള സ്ഥലം അവർക്ക് നൽകേണ്ട എന്ന് എസ്റ്റേറ്റ് കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്. വക്കം മൗലവിയുടെ സ്മരണ നിലനിറുത്തേണ്ടത് ആവശ്യമാണ്. ഒരു സാമൂഹ്യ പരിഷ്ക്കർത്താവും പത്രപ്രവർത്തന രംഗത്ത് വളരെ വലിയ കാല്പാടുകൾ സൃഷ്ടിച്ച വക്കം മൗലവിക്ക് സ്മാരകം നിർമ്മിക്കുന്നതിന് പ്രവർത്തിക്കുന്ന സംഘത്തിന്റെ പ്രവർത്തനത്തെ സഹായിക്കണം എന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : വക്കം മൗലവി അവർകളുടെ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചില നടപടികൾ സ്വീകരിച്ചു സ്ഥലം അനുവദിക്കുന്നതിനെ സംബന്ധിച്ചും ചില നടപടികൾ സ്വീകരിച്ചു. കമ്മിറ്റി നിർദ്ദേശിച്ച സ്ഥലങ്ങൾ പരിശോധിച്ചതിൽ ആ സ്ഥലങ്ങളൊക്കെ ഓരോ കാര്യത്തിനായി അനുവദിച്ചുകഴിഞ്ഞിരിക്കുകയാണ് എന്ന റിപ്പോർട്ടാണ് കിട്ടിയിട്ടുള്ളത്. തുടർന്ന് ഏഴുസെന്റ് സ്ഥലം വഞ്ചിയൂർ ചൂണ്ടിക്കാണിക്കുകയും അതു പരിശോധിച്ചു നടപടി സ്വീകരിക്കണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനു നിർദ്ദേശം കൊടുക്കുകയും ചെയ്തു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. സിറ്റിക്കകത്ത് സ്ഥലം കുറവായതുകൊണ്ട് കൊടുക്കാൻ സാധിക്കുകയില്ല എന്നാണ് എസ്റ്റേറ്റ് കമ്മിറ്റി ശുപാർശ സമർപ്പിച്ചിട്ടുള്ളത്. സ്മാരകം പണിയുന്നതിനുവേണ്ടിയുള്ള സ്ഥലം തിരുവനന്തപുരം ജില്ലയിൽ എവിടെയെങ്കിലും കണ്ടുപിടിച്ചുകൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

(31) കോട്ടൂർ ആയുർവ്വേദാശുപത്രിയുടെ പുതിയ കെട്ടിടം പണി പൂർത്തിയാക്കൽ

ശ്രീ. കെ. പങ്കജാക്ഷൻ : ഞാൻ പ്രതിനിധീകരിക്കുന്ന ആര്യനാട് നിയോജക മണ്ഡലത്തിലെ കോട്ടൂരുള്ള ആയുർവേദാശുപത്രിക്ക് ഒരു പുതിയ കെട്ടിടം നിർമ്മിച്ചിട്ട് കുറേക്കാലമായി. ഈ ആയുർവേദ ആശുപത്രികൊണ്ട് ആദിവാസികൾക്കും ഹരിജനങ്ങൾക്കുമാണ് കൂടുതൽ പ്രയോജനം കിട്ടുന്നത്. കോട്ടൂർ റിസർവ്വ് വനത്തിനു സമീപമുള്ള ആശുപത്രിയായതുകൊണ്ട് ഇതിന്റെ കെട്ടിടത്തോട് അനുബന്ധിച്ച് ചില നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ളതുകൊണ്ട് കഴിഞ്ഞ ഏതാനും വർഷമായി ആശുപത്രി സ്തംഭനത്തിലാണ്. തർക്കം പൊതുമരാമത്തുവകുപ്പും ആയുർവേദ ഡയറക്ടറേറ്റും തമ്മിലാണ്. പണിക്കാവശ്യമായ മുഴുവൻ തുകയും മരാമത്തുവകുപ്പിൽ നിന്നും കിട്ടിയിട്ടില്ലെന്ന് അവരും, മുഴുവൻ കൊടുത്തുകഴിഞ്ഞിട്ടുണ്ടെന്ന് ആയുർവേദ ഡയറക്ടറേറ്റും ഓരോ തവണയും ഡി.ഡി.സി. യിലും കമ്മിറ്റികളിലും പറയുകയുണ്ടായി. ഈ തർക്കംകൊണ്ട് യാതൊരു സൗകര്യവുമില്ലാത്ത പഴയ കെട്ടിടത്തിലാണ് ആശുപത്രി കിടക്കുന്നത്. ആ പ്രദേശത്ത്, മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാ സൗകര്യങ്ങളില്ല. ഇത് അടിയന്തിരമായി പരിഗണിച്ച് പണി പൂർത്തിയാക്കുന്നതിനും ആശുപത്രി തുടങ്ങുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കോട്ടൂർ ആയൂർവേദ ആശുപത്രി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വാടക കെട്ടിടത്തിലാണ് ഇപ്പോഴും വർക്കുചെയ്യുന്നത്. വനംവകുപ്പിൽനിന്ന് സ്ഥലം വിട്ടുകിട്ടി. അവിടെ ഒരു ആശുപത്രി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി. ഒരുലക്ഷത്തി എഴുപത്തിഒൻപതിനായിരം രൂപ സാംഗ്ഷൻ ചെയ്തിട്ടുണ്ട്. ആവശ്യമായ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും കൊടുത്തിട്ടുണ്ട്. ഉടനേ പണി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്ത് പണി ആരംഭിക്കുന്നതാണ്.

(32) സ്വകാര്യ സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ

ശ്രീ. എ. വി. താമരാക്ഷൻ : കേരളത്തിലെ സ്വകാര്യ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഒരുലക്ഷത്തോളം വരുന്ന അദ്ധ്യാപകർക്ക് ഈ മാസം ശമ്പളം ലഭിക്കാത്ത അതിഗുരുതരമായ സാഹചര്യം സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. ജൂലൈ മാസം 15-ാം തീയതിക്കുമുമ്പ് അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പിന്റെ തല തിരിഞ്ഞ നയത്തിന്റെ ഫലമായി ജൂലൈ 15-ാം തീയതിക്കുമുമ്പ് സ്റ്റാഫ് ഫിക്സേഷൻ നടന്നിട്ടില്ല. ഇതിന്റെ ഫലമായി ഈ മാസം ഈ സംസ്ഥാനത്തെ സ്വകാര്യ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ഒരു ലക്ഷത്തോളം അദ്ധ്യാപകരുടെ ശമ്പളബിൽ തിരിച്ചയച്ചിരിക്കുകയാണ്. അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത നിലയിലാണ്. അതുകൊണ്ട് അടിയന്തിരമായി ഈ ഗവൺമെന്റ് അതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, നമ്മുടെ സംസ്ഥാനത്ത് ഈ വർഷം സ്ക്കൂളുകളിലെ ഫിക്സേഷൻ ഒരു ദിവസം കൊണ്ട് നടത്തണമെന്ന ഒരു തീരുമാനം ഗവൺമെന്റ് എടുക്കുകയുണ്ടായി. ഇത് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് പെട്ടെന്ന് ആവിഷ്ക്കരിച്ച ഒരു പരിഷ്ക്കാരമൊന്നുമല്ല. ഏഴാം പദ്ധതിക്കാലത്ത് ഓരോ ഡിപ്പാർട്ടുമെന്റിനേറയും ഭരണച്ചെലവുകളും എങ്ങനെ കുറയ്ക്കാമെന്നുള്ളതിനെ സംബന്ധിച്ച് പ്ലാനിംഗ് ബോർഡും പ്ലാനിംഗ് ഡിപ്പാർട്ടുമെന്റും നടത്തിയ ചില പഠനത്തിന്റെ അടിസ്ഥാനത്തിൽ അവർ ചൂണ്ടിക്കാണിച്ചിരുന്ന നിർദ്ദേശമാണ്. പല സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം കൃത്രിമമായി പെരുപ്പിച്ചുകാണിച്ച് ഡിവിഷനുണ്ടാക്കി. അദ്ധ്യാപകരെ നിയമിച്ച് കുഴപ്പം നടത്തുന്ന ധാരാളം മാനേജുമെന്റുകൾ ഈ സംസ്ഥാനത്തുണ്ടെന്ന് ഡിപ്പാർട്ടുമെന്റിനും ഗവൺമെന്റിനും ഉത്തമബോദ്ധ്യം ഉണ്ടായിട്ടുണ്ട്, ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ദിവസംകൊണ്ട് ഫിക്സേഷൻ നടത്തി കുട്ടികളുടെ എണ്ണം കൃത്യമായി എടുക്കണമെന്ന തീരുമാനം ഗവൺമെന്റ് എടുത്തു. ഗവൺമെന്റിന്റെ ഈ തീരുമാനത്തിനെതിരായി സംസ്ഥാനത്തെ പ്രൈവറ്റ് സ്ക്കൂളുകളിലെ മാനേജർമാർ എന്തെങ്കിലും അപശബ്ദം പുറപ്പെടുവിക്കുമെന്നാണ് കരുതിയത്. അതിൽനിന്നും വ്യത്യസ്തമായി യാതൊരു കാരണവുമില്ലാതെ അദ്ധ്യാപകർ ഈ കാര്യത്തിൽ എതിരായ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുകയാണ്. ഇത് പൂർണ്ണമായും അനാവശ്യമായ ഒരു കാര്യമാണ്. എങ്ങനെ കുട്ടികളുടെ എണ്ണമെടുക്കണമെന്നു തീരുമാനിക്കാനുള്ള പൂർണ്ണമായ അധികാരം സംസ്ഥാന ഗവൺമെന്റിനുണ്ട്. ജൂലൈമാസം 15-ാം തീയതിക്കുമുമ്പ് ഫിക്സേഷൻ

LIBRARY ARCHIVES Kerala Legislative Assembly